# കാൽ ലക്ഷം പരാതികൾ, പകുതിക്കും പരിഹാരം



പൊതുജന സമ്പർക്ക പരിപാടിയിൽ തന്റെ പരാതിക്കു പരിഹാരം ലഭിച്ച വൃദ്ധ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കൈപിടിച്ച് നന്ദി അറിയിക്കുന്നു. • കെ.ബി.ജയചന്ദ്രൻ.

തിരുവനന്തപുരം

സ്വന്തം ലേഖകൻ

തലസ്ഥാന ജില്ലയിലെ സാധാരണ ജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും തീർപ്പു കൽപ്പിക്കാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ പരാതി പ്രളയം. വികലാംഗരും അവശതയനുഭവിക്കുന്നവരുമായ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നു മുഖ്യമന്ത്രി നേരിട്ടു പരാതികൾക്കു പരിഹാരം നിർദേശിച്ചു. 25,000ലധികം അപേക്ഷകളാണ് ഇന്നലെ പരിഗണിച്ചത്. 15,000ത്തോളം പരാതികൾക്ക് പരിഹാരവും കണ്ടു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 59 ലക്ഷത്തിലധികം രൂപ ധനസഹായം നൽകി. എപിഎൽ റേഷൻ കാർഡുകൾ ബിപിഎൽ കാർഡുകളാക്കുക, തുടർചികിത്സാസഹായങ്ങൾ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, കുടുംബ പെൻഷൻ, വീടു നിർമാണവും പുതുക്കിപ്പണിയുന്നതിനുള്ള ധനസഹായം, കടം എഴുതിത്തള്ളൽ, ലോൺ അടയ്ക്കാനുള്ള സാവകാശം, ശാരീരികവൈകല്യമുള്ളവർക്ക് സഹായം, പഠനസഹായം എന്നിവയിൽ ലഭിച്ച പരാതികളിൽ തീർപ്പായി. പലകേസുകളിലും ഇന്നലെ തന്നെ ചെക്കും നൽകി. ചെക്ക് ലഭിക്കാത്തവർക്ക് അതത് താലൂക്ക് ആസ്ഥാനങ്ങളിൽ വരും ദിവസങ്ങളിൽ ചെക്കുകൾ വിതരണം ചെയ്യും.

മുഖ്യമന്ത്രിയെ നേരിൽ കണ്ട് പരാതി നൽകാൻ സ്ത്രീകളും കുട്ടികളും അടക്കം മണിക്കൂറുകളോളം കാത്തുനിന്നു. തിരക്ക് നിയന്ത്രിക്കാൻ പൊലീസ് നന്നേ പണിപ്പെട്ടു. പരാതികൾ പഠിക്കുന്നതിനും തരംതിരിക്കുന്നതിനും ഉദ്യോഗസ്ഥരും ക്ലേശിച്ചു. ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ തത്സമയം സംപ്രേഷണം ചെയ്തു.

സ്റ്റേഡിയത്തിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിൽ രാവിലെ ഒൻപതരയ്ക്കു ഭദ്രദീപം കൊളുത്തി മുഖ്യമന്ത്രി പരിപാടി ഉദ്ഘാടനം ചെയ്തു. രാത്രി വൈകുവോളം നീണ്ടു. ജനങ്ങളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കാൻ ജനങ്ങളിലേക്കിറങ്ങിച്ചെല്ലുക എന്നതാണ് പരിപാടിയുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി. അവസാനത്തെ ആളുടെ പരാതിയും കേൾക്കും. നിങ്ങൾ ഇരിക്കുന്നതുവരെ ഞങ്ങളും ഇരിക്കുമെന്നു മുഖ്യമന്ത്രി. ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകൾ, സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സ്റ്റോളുകളും സജ്ജീകരിച്ചിരുന്നു.